കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 - ഓഡിറ്റ് തടസ്സത്തിനാധാരമായ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എ.ബി) വകുപ്പ്

സ.ഉ(സാ.ധാ)നം.2020/2016/ത.സ്വ.ഭ.വ തിരുവനന്തപുരം,തിയതി 29/06/2016

---

പരാമർശം : 1. മങ്കട ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 05.01.2015 – തിയതിയിലെ എ 1-5093/13(1) നമ്പർ കത്ത്

2. പഞ്ചായത്ത് ഡയറക്ടറുടെ 11.11.2015 – തിയതിയിലെ എം3/36222/15 നമ്പർ കത്ത്

3. സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 23.03.2016 – തിയതിയിലെ കെ.എസ്.എ-14128/പി.റ്റി3/15 നമ്പർ കത്ത്

## ഉത്തരവ്

മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം, റോഡ് വിഹിതം മെയിന്റനൻസ് ഗ്രാന്റ് പുതിയ റോഡ് നിർമ്മാണത്തിന് ഉപയോഗിക്കാൻ പാടില്ലാത്തതാണെന്ന സർക്കാർ മാർഗ്ഗനിർദേശം മറികടന്ന് ഐ.ആർ.സി സ്പെസിഫിക്കേഷനു വിരുദ്ധമായ കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് മാർഗ്ഗരേഖ ലംഘിച്ച് നടത്തിയ ചെലവിനത്തിലുള്ള 30,000 രൂപാ (മുപ്പതിനായിരം മാത്രം) ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ് എന്ന് ഓഡിറ്റ് അഭിപ്രായപ്പെട്ടിരുന്നു. തനത് വരുമാനം വളരെ കുറവായതും പിന്നോക്കാവസ്ഥയിൽ നിൽക്കുന്നതും പട്ടികജാതി - വർഗ്ഗകുടുംബങ്ങൾ അധിവസിക്കുന്നതുമായ മങ്കട ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേകം സാഹചര്യം കണക്കിലെടുത്തും ടി പ്രവൃത്തി മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടമുണ്ടായിട്ടില്ലാത്തതിനാലും ഓഡിറ്റ് തടസ്സവാദം ഒഴിവാക്കി നൽകുവാൻ സൂചന ഒന്ന് കത്ത് പ്രകാരം പഞ്ചായത്ത് അപേക്ഷിച്ചിട്ടുണ്ട്. പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം എന്നിവ വ്യക്തമായ ശുപാർശ സഹിതം പരാമർശം രണ്ട് കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ മറുപടി കണക്കിലെടുത്ത് ഇക്കാര്യത്തിൽ സർക്കാരിന് യുക്തമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് പരാമർശം മൂന്ന് കത്ത് പ്രകാരം കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിട്ടിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവാലി ഗ്രാമ പഞ്ചായത്ത് ഭരണ സമിതി തീരുമാനം, ജില്ലാ തല ഓഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ ശുപാർശ, കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ കത്ത് എന്നിവയുടെ അടിസ്ഥാനത്തിൽ മലപ്പുറം ജില്ലയിലെ മങ്കട ഗ്രാമ പഞ്ചായത്തിന്റെ 2009-2010, 2010-2011 വർഷങ്ങളിലെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.13 പ്രകാരം തടസ്സപ്പെടുത്തിയ 30,000 രൂപായുടെ (മുപ്പതിനായിരം മാത്രം) ചെലവിന് ടി തുക ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നോ തനത് ഫണ്ടിൽ നിന്നോ മെയിന്റനൻസ് ഗ്രാന്റ് ഫണ്ടിലേക്ക് തിരികെ ഒടുക്കേണ്ടതാണ് എന്ന വ്യവസ്ഥയിൽ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു .

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
ഷിബു.എ.ടി
അണ്ടർ സെക്രട്ടറി

കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം
സെക്രട്ടറി, മങ്കട ഗ്രാമ പഞ്ചായത്ത്, മലപ്പുറം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ